# മടവൂർ വിഭാഗം സ്വഹാബികൾക്കും സുന്നത്തിനുമെതിരെ

**എം.ടി. അബ്ദുസ്സമദ് സുല്ലമി**

വിശുദ്ധക്വുർആൻ, തിരുസുന്നത്ത്, ഇജ്മാഅ്, ക്വിയാസ് എന്നിവയാണ് ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനമാർഗ്ഗങ്ങളെന്നതിൽ ഉസ്വൂലീ പണ്ഡിതന്മാർക്കിടയിൽ തർക്കമില്ല. വിശുദ്ധക്വുർആനും തിരുസുന്നത്തുമാണ് ശരീഅത്തിന്റെ അടിസ്ഥാന ശ്രോതസ്സുകൾ. ഈ രണ്ട് പ്രമാണങ്ങളെ ആധാരമാക്കി നടത്തുന്ന ഗവേഷണങ്ങളിലൂടെ പണ്ഡിതലോകത്ത് ഉണ്ടാകുന്ന യോജിപ്പിനാണ് ഇജ്മാഅ് എന്ന് പറയുന്നത്. വിധികളെ നിർദ്ധാരണം ചെയ്യാനുള്ള പരിശ്രമമാണ് ക്വിയാസ്. ആദ്യകാല ഇസ്‌ലാമിക പണ്ഡിതന്മാർ ഇജ്തിഹാദും ക്വിയാസും ഒന്നായി കാണാനുള്ള കാരണവും മറ്റൊന്നല്ല. മുൻഗാമികൾ സ്വീകരിച്ചാചരിച്ച് പോന്ന ഈ രീതിയാണ് എക്കാലത്തും മതപരമായ വിധികൾ കണ്ടെത്തുന്നതിനുള്ള ആധാരമായി വർത്തിച്ചതെന്ന് ഉസ്വൂലുൽ ഫിക്‌ഹിന്റെ വളർച്ച പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും.

വി:ക്വുർആൻ ഒറ്റത്തവണയായി അവതരിപ്പിക്കപ്പെട്ട ഒരു ഗ്രന്ഥമല്ല. പലസന്ദർഭങ്ങളിലായി സന്ദർഭാനുസരണം ഇരുപത്തിമൂന്ന് വർഷം കൊണ്ടാണ് ക്വുർആനിന്റെ അവതരണം പൂർത്തിയാകുന്നത്. ഘട്ടം ഘട്ടമായുള്ള വി:ക്വുർആനിന്റെ അവതരണത്തിന്റെ യുക്തി വി:ക്വുർആൻ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ പ്രധാനമത്രെ ക്വുർആൻ മന:പാഠമാക്കാനും വിശദീകരിച്ച് പഠിപ്പിക്കാനുമുള്ള സൗകര്യം.

‘‘നീ ജനങ്ങൾക്ക് സാവകാശം ഓതിക്കേൾപ്പിക്കേണ്ടതിനായി ക്വുർആനിനെ നാം (പല ഭാഗങ്ങളിലായി) വേർതിരിച്ചിരിക്കുന്നു. അതിനെ നാം ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു.’’ (സൂറ: ഇസ്രാഅ്. 106)

‘‘സത്യനിഷേധികൾ പറഞ്ഞു. ഇദ്ദേഹത്തിന് ഒറ്റത്തവണയായി ഈ ക്വുർആൻ ഇറക്കപ്പെടാത്തെന്താണ്? അത് അപ്രകാരം തന്നെയാണ് വേണ്ടത്. അത് കൊണ്ട് നിന്റെ ഹൃദയത്തെ ഉറപ്പിച്ച് നിർത്താൻ വേണ്ടിയാകുന്നു. സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപ്പിക്കുകയും ചെയ്തിരിക്കുന്നു.’’ (ഫുർഖാൻ 32)

ക്വുർആൻ പാരായണം ചെയ്ത് കേൾപ്പിക്കുകമാത്രമല്ല നബിﷺ ചെയ്തിട്ടുള്ളത്. തന്നിൽനിന്ന് ക്വുർആൻ കേൾക്കുന്നവർക്ക് നബിﷺ അതിന്റെ വിശദീകരണം കൂടി പഠിപ്പിച്ചിരുന്നു.

‘‘നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിശദീകരിച്ച് കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും’’ (അന്നഹ്ല് 44)

ശുദ്ധ അറബി ഭാഷയിൽ അവതരിപ്പിക്കപ്പെട്ട വി:ഖുർആനിലെ പലവചനങ്ങളുടെയും പൊരുളുകൾ നബിﷺയുടെ അറബികളായ അനുചരന്മാർക്ക് അവിടുന്ന് നൽകിയ വിശദീകരണങ്ങൾക്ക് ശേഷം മാത്രം മനസ്സിലാക്കാൻ സാധിച്ചതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. ഉദാഹരണമായി നോമ്പിന്റെ വിധികൾ പ്രസ്താവിക്കുന്നതിന്നിടയിൽ ഖുർആൻ പ്രസ്താവിച്ചു.

‘‘നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. പുലരിയുടെ വെളുത്ത നൂൽ കറുത്ത നൂലിൽ നിന്നും വ്യക്തമാകുന്നത് വരെ’’ എന്ന വചനത്തിന്റെ പൊരുളറിയാതെ ഒരു സ്വഹാബി തന്റെ തലയിണക്കിടയിൽ കറുത്ത നൂലും വെളുത്ത നൂലും വെച്ചു. രണ്ടും തമ്മിൽ തിരിച്ചറിയുന്നതിന് വേണ്ടി പരിശോധന നടത്തുകയുണ്ടായി പിന്നീട് നബിﷺയുടെ അടുക്കൽ വന്നപ്പോൾ വെള്ള നൂൽ പ്രഭാതത്തെയും കറുപ്പ് നൂൽ രാത്രിയെയും ആണ് ഉദ്ദേശിക്കുന്നതെന്ന് നബിﷺ അദ്ദേഹത്തിന് വിശദീകരണം നൽകിയതും ഹദീഥുകളിൽ വന്നിട്ടുണ്ട്. ഈ വിശദീകരണം കേട്ടപ്പോഴാണ് രാത്രിയുടെ ഇരുട്ട് നീങ്ങി പ്രഭാതം പുലരലാണ് അത് കൊണ്ടുള്ള ഉദ്ദേശ്യമെന്ന് അദ്ദേഹത്തിന് മനസ്സിലാകുന്നത്.

നബിﷺയിൽ നിന്ന് ഖുർആൻ പഠിച്ചവരും വി:ഖുർആനിന്റെ പ്രഥമ അഭിസംബോധിതരുമാണ് സ്വഹാബികൾ. പിൻകാലക്കാർക്ക് ലഭിക്കാത്ത മഹത്തായ ഒരു അനുഗ്രഹമാണ് അല്ലാഹു അവർക്ക് നൽകിയത്. എന്നാൽ വി:ഖുർആൻ മനസ്സിലാക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും സ്വഹാബികൾ എല്ലാവരും ഒരേ നിലവാരമുള്ളവരായിരുന്നില്ല. അവരിൽ ചിലർ വൈഭവം കൊണ്ടും മറ്റനുകൂല സാഹചര്യങ്ങൾ കൊണ്ടും വളരെ മുന്നിലെത്തി നാലു ഖലീഫമാർ‎ﷺ, അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ, ഉബയ്യിബ്നു കഅ്ബ്ﷺ, അബുദുല്ലാഹിബ്നു അബ്ബാസ്ﷺ, സൈദുബ്ന് സാബിത്ﷺ, തുടങ്ങിയവരെ സ്വഹാബികളിലെ മുൻനിര ഖുർആൻ പണ്ഡിതരായി നാം കാണുന്നു. നബിﷺ പഠിപ്പിച്ച അറിവ് തൊട്ടടുത്ത തലമുറക്ക് കൈമാറാനും അവർ ഉത്സാഹം കാണിച്ചു. മുകളിൽ പറഞ്ഞ സ്വഹാബിമാരിലൂടെയും അവരെ കേന്ദ്രീകരിച്ച് പഠനം നിർവ്വഹിച്ച ശിഷ്യരിലൂടെയുമാണ് തഫ്സീറുൽ ഖുർആൻ എന്ന വിജ്ഞാന ശാഖ വളർന്ന് പുഷ്ടിപ്പെടുന്നത്. സ്വഹാബികളിൽ നിന്നും ഖുർആനും ദീനും പഠിച്ച അടുത്ത തലമുറയെയാണ് നാം താബിഉകൾ എന്ന് പറയുന്നത്. ഈ രണ്ടു തലമുറകളെയുമാണ് അല്ലാഹുവും റസൂലും ഉത്തമ തലമുറകൾ എന്ന് വിശേഷണം നല്കി ആശീർവദിച്ചിട്ടുള്ളത് ‘‘മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്ത് കൊണ്ട് അവരെ പിൻതുടർന്നവരും ആരോ, അവരെ പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. (തൗബ 100) എന്ന ഖുർആൻ വചനവും ‘‘ഏറ്റവും ശ്രേഷ്ടമായ തലമുറ ഞാൻ ജീവിച്ചിരുന്നതാണ്, പിന്നീട് തൊട്ടടുത്തതും പിന്നീട് തൊട്ടടുത്തതും (ബുഖാരി, മുസ്ലിം) എന്ന നബി വചനവും ഈ യാഥാർത്ഥ്യം നമ്മെ ബോധ്യപ്പെടുത്തുന്നു. സലഫുസ്സ്വാലിഹീങ്ങൾ എന്നത് കൊണ്ട് മുസ്ലിം ലോകം വിവക്ഷിക്കുന്നതും ഈ രണ്ടു തലമുറകളെയാണ്. വി:ഖുർആൻ വ്യാഖ്യാനം, മറ്റു ശറഈ വിജ്ഞാനങ്ങൾ തുടങ്ങിയവ ഗ്രഹിക്കുന്നതിലും ഉൾകൊള്ളുന്നതിലും ഇവരുടെ അഭിപ്രായങ്ങൾക്ക് മുസ്ലിം ലോകം ഉന്നതമായ പരിഗണനയാണ് നൽകിപോന്നിട്ടുള്ളത്

**മടവൂർ വിഭാഗം സ്വഹാബത്തിന്നെതിരിൽ:**

നബിﷺയുടെ പാഠശാലയിൽനിന്നും ദീൻ ഗ്രഹിച്ച അവിടുത്തെ സ്വഹാബികൾക്കുള്ള മഹത്വം മുസ്‌ലിം ലോകം ഒന്നടങ്കം സമ്മതിക്കുന്നു. സ്വഹാബത്തിന്റെ ഉൽകൃഷ്ടത യെയും മഹത്വത്തെയും നിരാകരിക്കുന്ന ആളെയും മറ്റു ബിദഈ കക്ഷികളെയും ഒഴി ച്ചുനിർത്തിയാൽ മുസ്‌ലിം ലോകത്ത് ഈ കാര്യത്തിൽ അഭിപ്രായ വ്യത്യാസമേ ഉണ്ടായിട്ടില്ല. എന്നാൽ സ്വഹാബത്തിന്റെ മതപരമായ അറിവുകളും വി:ക്വുർആൻ വ്യാഖ്യാനങ്ങളും പിൽക്കാലത്ത് വന്ന ഏതൊരു പണ്ഡിതന്റെയും അഭിപ്രായ ങ്ങളെപ്പോലെത്തന്നെയാണെന്നും അതിലുപരിയായ ഒരു പരിഗണനയും അവർക്ക് നൽകേണ്ടതില്ലെന്നുമാണ് വിഘടിതരുടെ പുതിയ കണ്ടെത്തൽ. കേരളത്തിലെ മുജാ ഹിദുപ്രസ്ഥാനത്തിന് ലോകത്തെവിടെയെങ്കിലുമുള്ള ഏതെങ്കിലും ഇസ്‌ലാമിക പ്രസ്ഥാ നവുമായി ആദർശപരമായ ഒരു ബന്ധവുമില്ലെന്നും ഇവിടുത്തെ പണ്ഡിതൻമാരുടെ ചിന്തയിൽ നിന്നും ഗവേഷണത്തിൽനിന്നും രൂപപ്പെട്ടതാണ് ഈ ആദർശമെന്നും നിർലജ്ജം എഴുതിവിട്ട ഒരു ഇമ്മിണിബല്യ 'മുജ്തഹിദ് മുത്‌ലഖ്' തന്നെയാണ് ഈ വാദവും എഴുന്നള്ളിച്ചിരിക്കുന്നത്. ഇയാൾ എഴുതുന്നത് കാണുക

''എന്നാൽ പ്രവാചകന്റെ ഏറ്റവും അടുത്ത സഹചാരികളായ അബൂബക്കർؓനും ഉമർؓനും വഹ്‌യ് ലഭിച്ചിരുന്നില്ല. അതിനാൽ അവരുടെ വാക്കുകളിൽ പിഴവുകളും പിശകുകളും കടന്നു കൂടാനിടയുണ്ട്. മറ്റു സ്വഹാബികളുടെയും അവസ്ഥയും ഇതിൽനിന്നും ഭിന്നമല്ല. പിൻകാല തലമുറകളുടെയും അവരിലെ പണ്ഡിതകേസരികളു ടെയും അവസ്ഥയും തഥൈവ. തെറ്റു പറ്റാനിടയുള്ളവരുടെ വാക്കുകൾ മതത്തിൽ തെളിവുകളല്ല. (ശബാബ് 2008 നവം 21, പേജ് 16, എം.ഐ. സുല്ലമി)

പ്രവാചക പാഠശാലയിൽനിന്ന് അറിവ് നുകർന്ന മഹാൻമാരായ സ്വഹാബികളെയും പിൻകാലക്കാരയ പണ്ഡിതരെയും ഇയാൾ ഒരു തുലാസിലിട്ടു തൂക്കി കണക്കാക്കിയിരി ക്കുന്നു. ലേഖകൻ പറയുന്നത് അബൂബക്കർؓനും ഉമർؓനും മറ്റു സ്വഹാബികൾക്കു മൊന്നും വഹ്‌യ് ലഭിച്ചിട്ടില്ല, അത് കൊണ്ട് അവർക്ക് തെറ്റ് പറ്റാൻ സാധ്യതയുണ്ട് എന്നാണ്. തെറ്റ് പറ്റാം എന്ന സാധ്യത അംഗീകരിച്ച് കൊണ്ട് തന്നെ തിരിച്ച് ചോദിക്കട്ടെ. വഹ്‌യ് ലഭിക്കാത്ത സ്വഹാബികളുടെ അഭിപ്രായങ്ങൾക്ക് സി.പി. ഉമർ സുല്ലമി, എം.ഐ സുല്ലമി തുടങ്ങിയ പണ്ഡിതൻമാരുടെ അഭിപ്രായങ്ങളേക്കാൾ ഒരു മഹത്വവുമില്ലേ? വഹ്‌യിനും ക്വുർആൻ അവതരണത്തിനും സാക്ഷികളായ സ്വഹാബികളും പിൽക്കാല പണ്ഡിതൻമാരും അറിവിന്റെ കാര്യത്തിൽ ഒരേ പോലെ വിലയിരുത്തപ്പെടേണ്ടവ രാണോ?

ഇത് എം.ഐ. സുല്ലമിയുടെ ഒറ്റപ്പെട്ട ഒരഭിപ്രായമായികാണേണ്ടതില്ല. തന്റെ സംഘടന യുടെ പ്രസിഡണ്ടിന്റെ പിന്തുണയും അദ്ദേഹത്തിനുണ്ട് ?

''സ്വഹാബികളിൽ ആരെങ്കിലും എന്തെങ്കിലും മനസ്സിലാക്കുകയോ അഭിപ്രായപ്പെടു കയോ ചെയ്താൽ അത് അന്ധമായി അനുകരിച്ചു കൊള്ളണമെന്നത് സലഫുകളുടെ നയമല്ല. ഫഹ്മുസ്സ്വഹാബി (ഒരു സ്വഹാബി മനസ്സിലാക്കിയത്) സ്വീകരിച്ചു കൊള്ളണമെ ന്നില്ല എന്നാണ് സലഫുകളുടെ മാർഗ്ഗം. സ്വഹാബികളുടെ ഏക കണ്ഠമായ അഭി പ്രായമുണ്ടെങ്കിലേ അത് പ്രമാണമാവുകയുള്ളൂ. സ്വഹാബികളിൽ തന്നെ പലരും കുറ്റ

കൃത്യങ്ങൾ ചെയ്തതും ശിക്ഷക്ക് വിധേയരായതും വളരെ പ്രസിദ്ധമാണല്ലോ'' (സി.പി. ഉമർ സുല്ലമി : ശബാബ് 2008 നവം 21, പേജ് 13)

സ്വഹാബികൾ യാതൊരു തത്വദീക്ഷയും കൂടാതെ എന്തെങ്കിലും അഭിപ്രയാങ്ങൾ പറയുന്നവരായിരുന്നുവോ? സ്വഹാബികളിൽ ചിലർക്ക് സംഭവിച്ച മാനുഷികമായ വീഴ്ചകളെ സാമാന്യവൽക്കരിച്ച് സ്വഹാബത്തിനെ തന്നെ ഇകഴ്ത്തിക്കാണിക്കുന്നത് പണ്ഡിത ധർമ്മമാണോ? ഈ വീഴ്ചകൾ ഉള്ള സ്വഹാബികളെ കൂടി ഉൾകൊള്ളിച്ചു കൊണ്ടല്ലേ ''അസ്സ്വഹാബത്ത് കുല്ലുഹും ഉദൂൽ'' എന്ന തത്വം പണ്ഡിതൻമാർ പ്രഖ്യാപിച്ചിട്ടുള്ളത്.

**മടവൂർ വിഭാഗം സുന്നത്തിന്നെതിരിൽ:**

വി.ക്വുർആൻ വ്യാഖ്യാനിക്കുന്നതിൽ സ്വഹാബികളുടെ അഭിപ്രായങ്ങൾ അവലംബിക്കപ്പെടേണ്ടത് തന്നെയാണെന്നതിൽ മുൻഗാമികളായ പണ്ഡിതൻമാർക്കിടയിൽ തർക്കമില്ല. ഈ വസ്തുത മുജാഹിദുകൾ വർഷങ്ങൾക്ക് മുമ്പ് തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. വിശുദ്ദ ക്വുർആൻ വിവരണത്തിന് മുഹമ്മദ് അമാനി മൗലവി എഴുതിയ സുദീർഘമായ മുഖവുരയിൽ ഈ കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

''ക്വുർആനിലും സുന്നത്തിലും വ്യാഖ്യാനം കണ്ടെത്താത്തപ്പോൾ നാം സ്വഹാബികളുടെ വചനങ്ങളിലേക്ക് മടങ്ങണം മറ്റാർക്കും കൈവന്നിട്ടില്ലാത്ത അവസരങ്ങളും സന്ദർഭങ്ങളും ലഭിച്ചവരാണല്ലോ അവർ. തികഞ്ഞ ബുദ്ധിശക്തിയും യഥാർത്ഥമായ വിജ്ഞാനവും സൽക്കർമ്മശീലവും അവർക്ക്-അവരിൽനിന്നുള്ള പണ്ഡിതന്മാരായ മഹാൻമാർക്ക് പ്രത്യേകിച്ച് നൽകപ്പെട്ടിട്ടുണ്ട്'' (വി: ക്വുർആൻ വിവരണം-പേജ് 64)

മഹാനായ ഇബ്നുകഥീർ(റഹി)യെ ഉദ്ധരിച്ചുകൊണ്ടാണ് മൗലവി ഇതെഴുതുന്നത്. ഇതേ വരികൾ തന്നെ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയുടെതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. (മുഖദ്ദിമ ഫീ ഉസ്വൂലിത്തഫ്സീർ) ശബാബ് പത്രാധിപരായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മൗലവി എഴുതുന്നു.

''വിശുദ്ധ ക്വുർആനും പ്രബലമായ ഹദീസുകളും വിശദീകരിക്കുന്ന വിഷയത്തിൽ സ്വഹാബികളും താബിഉകളും ഉൾപ്പടെയുള്ള സച്ചരിതരായ പൂർവ്വികരുടെ അഭിപ്രായങ്ങൾക്കാണ് ഇസ്ലാഹി പ്രസ്ഥാനം മുൻഗണന നൽകുന്നത്. ദിവ്യസൂക്തങ്ങളുടെ പ്രഥമ സംബോധിതരും പ്രവാചക നടപടികളുടെ സാക്ഷികളും ഉൾപ്പെടുന്ന ആദ്യകാല തലമുറകൾ നൽകിയ വിശദീകരണങ്ങൾക്കാണല്ലോ കൂടുതൽ അധികാരികതയുള്ളത്.'' (ശബാബ് 2 ഡിസംബർ 25)

എന്നാൽ സലഫീമൻഹജ്, സലഫുസ്സ്വാലീഹീങ്ങൾ എന്നൊക്കെ കേൾക്കുമ്പോൾ തന്നെ അരിശം വരുന്ന ചിലരുണ്ട്. മുജാഹിദ് പ്രസ്ഥാനത്തിന്റെ ഭൂതകാല വേരുകൾ അറുത്ത് മാറ്റി അതിനെ ഒരു സ്വതന്ത്ര മദ്ഹബായി വിശദീകരിച്ച് ലഘുലേഖ ഇറക്കിയ എം.ഐ സുല്ലമി ഇപ്പോൾ മൻഹജിനോട് മാത്രമല്ല, സുന്നത്തിനോട് കൂടി തനിക്കുള്ള അമർഷവും നീരസവും പരസ്യമായി പ്രകടിപ്പിക്കുന്നത്കാണുക.

''എന്നാൽ അഭിനവ മൻഹജുകാർ വാദിക്കുന്നത് ക്വുർആനിന്റെ പഠനം വളരെ ദുഷ്കരമാണ് എന്നാണ്. ക്വുർആനിന്റെ നസ്സുകൾക്ക് സ്വഹാബികൾ നൽകിയ അർത്ഥം കണ്ടെ

ത്തണമത്രെ. പറയാൻ വളരെ എളുപ്പം. പ്രായോഗികമായോ? അസംഭവ്യവും. മുസ്‌ലിമായശേഷം നബിﷺയെ കണ്ടവർക്കാണ് സ്വഹാബികൾ എന്ന് പറയുന്നത്. നബിﷺയുടെ ഹജ്ജിൽ ഒരു ലക്ഷത്തിലേറെ സ്വഹാബികൾ പങ്കെടുത്തിരുന്നതായി ചരിത്രത്തിൽ നിന്ന് മനസ്സിലാവുന്നു. പങ്കെടുക്കാത്തവർ വേറെയും ധാരാളം ഉണ്ട്. ക്വുർആനിലെ ഒരു വചനത്തിന് വിശദീകരണം നൽകണമെങ്കിൽ ഒരു ലക്ഷത്തിലേറെ സ്വഹാബികൾ ആ വചനത്തിന് നൽകിയ വ്യാഖ്യാനങ്ങൾ പരിശോധിക്കണമെന്നോ.? വേണം എന്ന് തന്നെ വെക്കാം. അവ എവിടെ കിട്ടും.? ആറായിരത്തിലധികം ക്വുർആൻ വചനങ്ങൾക്ക് ഒരു ലക്ഷത്തിലേറെ സ്വഹാബികൾ നൽകിയ വ്യാഖ്യാനങ്ങൾ ഏത് ഗ്രന്ഥത്തിലാണ് ക്രോഡീകരിച്ചിട്ടുള്ളത്. ഏത് ലൈബ്രേറിയിലാണ് സമാഹരിക്കപ്പെട്ടിട്ടുള്ളത്. ലക്ഷക്കണക്കിന് ഹദീഥുകളുടെ കാര്യം പിന്നെ പറയേണ്ടതുണ്ടോ? തികച്ചും അസംഭവ്യവും പരിഹാസ്യവുമായ ഒരു മൻഹജാണ് സലഫിസത്തിന്റെ പേരിൽ ഇപ്പോൾ ഇവർ എഴുന്നെള്ളിക്കുന്നത്'' (ശബാബ് നവം. 21, 2008)

എങ്ങനെയുണ്ട് മൻഹജ് വിരോധം! അൽപ്പം അറബി ഭാഷാ വിഞ്ജാനവും ഒരു മുൻജിദുമുണ്ടെങ്കിൽ ആർക്കും നിർവ്വഹിക്കാവുന്ന തീർത്തും നിസ്സാരമായ ഒന്നാണത്രെ ക്വുർആൻ വ്യാഖ്യാനം!! സ്വയം മുജ്തഹിദ് മുത്‌ലഖാണെന്ന് പ്രഖ്യാപിക്കുകയും ആയിരക്കണക്കിന് മൗലവിമാർക്ക് ഈ പട്ടം ആശീർവദിച്ചു നൽകുകയും ചെയ്ത ആളാണല്ലോ ലേഖകൻ. വിനയവും സമചിത്തതയും നഷ്ടപ്പെട്ട ഒരു മനസ്സിന്റെ അസ്വസ്ഥ വികാരങ്ങളാണ് മേൽ വരികൾ സൂചിപ്പിക്കുന്നത്. ഇയാൾതന്നെ എഴുതുന്നത് പോലെ ലക്ഷക്കണക്കിന് സ്വഹാബികൾ നബിﷺയുടെ ഹജ്ജിന് പങ്കെടുത്തിട്ടുണ്ടെങ്കിൽ നബിﷺയുടെ ഹജ്ജിന്റെ രൂപം അവരിൽ നിന്നെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടത് ഇയാൾക്ക് കാണിക്കാമോ? അതിനർത്ഥം നബിﷺയുടെ ഹജ്ജിന്റെ രൂപം തീരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നാണോ.? അതോ ചേകന്നൂർ മൗലവി പറഞ്ഞത് പോലെ എല്ലാ ഹദീഥ് പണ്ഡിതൻമാരും കൂടി ശ്രമിച്ചിട്ടും നബിﷺയുടെ ഹജ്ജിന്റെ രൂപം കൃത്യമായി നിവേദനം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന വാദം ഇയാൾക്കുണ്ടോ?

ലക്ഷക്കണക്കിന് സ്വഹാബിമാർ എന്ന് ഇയാൾ പറയുന്നവരിൽ എത്ര പേർക്ക് നബിﷺയുമായി നീണ്ട സഹവാസമുണ്ട്? ഇവരിൽ എത്രപേരിൽ നിന്നാണ് ഹദീഥുകൾ നിവേദനം ചെയ്യപ്പെട്ടതും അവ മുഹദ്ദിഥുകൾ ഗ്രന്ഥരൂപത്തിലാക്കിയിട്ടുള്ളതും.? എല്ലാ സ്വഹാബികളിൽ നിന്നും ഹദീഥുകൾ നിവേദനം ചെയ്യപ്പെട്ടിട്ടില്ല എന്നുള്ളത് കൊണ്ട് ഇയാൾ ഹദീഥുകളുടെ പ്രാമാണികതയെ തന്നെ നിഷേധിക്കുമോ.? അവസാനം പറഞ്ഞ കാര്യം അങ്ങോട്ടാണോ സൂചന നൽകുന്നത്? അല്ലെങ്കിൽ ലക്ഷക്കണക്കിന് ഹദീഥുകളുടെ കാര്യം പിന്നെ പറയേണ്ടതുണ്ടോ'' എന്ന ചോദ്യത്തിൽ അവസാനിപ്പിക്കേണ്ടതില്ലായിരുന്നുവല്ലോ?

**ആത്മപരിശോധനക്ക് ആഹ്വാനം**

വിഘടിതരുടെ വയനാട് സമ്മേളന സുവനീറിലെ ചില വരികൾ ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ. ഈ ഭാഗം വായിച്ചിട്ട് വിഘടിത മൗലാനമാർ ഒരു ആത്മ പരിശോധനക്ക് തയ്യാറാവട്ടെ: ഈ വരികളിലെ ഒരോ ആഹ്വാനവും ആരുടെ നെഞ്ചിലാണ് ആഞ്ഞുതറക്കുന്നതെന്നും അവർ ചിന്തിക്കട്ടെ. ലേഖകൻ ശബാബ് പത്രാധിപർ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി. ലേഖനത്തിന്റെ ശീർഷകം 'ആദർശ ശുദ്ധിയുടെ സലഫീമാർഗ്ഗം.' ലേഖനത്തിന്റെ അവസാന ഭാഗം വായിക്കുക.

''മുഹമ്മദ് നബിﷺയുടെ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ടമായ തലമുറയുടെ മൗലികതയിലേക്ക് തിരിച്ചുപോകാൻ ആഹ്വാനം ചെയ്യുന്ന നാം ചില വിഷയങ്ങളിൽ ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാകുന്നു. ഒന്ന്, ഒരു കാര്യം അല്ലാഹുവോ റസൂലോ വിധിച്ചതാണെന്ന് ബോധ്യം വന്നാൽ ഒട്ടും മടിച്ചു നിൽക്കാതെ അത് സ്വീകരിക്കാൻ നാം സന്നദ്ധരാണോ? രണ്ട്, അല്ലാഹുവിന്റെയും റസൂൽﷺന്റെയും വാക്കുകളെ നമ്മുടെ കാര്യത്തിനും കോലത്തിനുമൊപ്പിച്ച് വ്യാഖ്യാനിക്കാൻ ശ്രമിക്കാതെ നമ്മുടെ വാഗ് വിചാര കർമ്മങ്ങളെ പ്രമാണങ്ങൾക്ക് അനുരൂപമാക്കാൻ നാം തയ്യാറായിട്ടുണ്ടോ? മൂന്ന്, പിൻകാല മുസ്ലിം പണ്ഡിതൻമാരും ചിന്തകൻമാരും പറഞ്ഞ കാര്യങ്ങൾ ക്വുർആനിനോടും നബിചര്യയോടും യോജിക്കുന്നതായി ബോധ്യപ്പെട്ടാൽ മാത്രം പരിഗണിച്ചാൽ മതി എന്ന നിലപാടിൽ ഉറച്ചു നിൽക്കുമെന്ന് നാം തീരുമാനിച്ചിട്ടുണ്ടോ.? <u>നാം പ്രസംഗിക്കുമ്പോഴും എഴുതുമ്പോഴും നമ്മുടെ വ്യക്തിപരമായ വീക്ഷണങ്ങളേക്കാളും സംഘടനയുടെ മുൻഗണനയേക്കാളും റസൂലിﷺനെ നേരിട്ട് കേൾക്കുകയും കാണുകയും പിന്തുടരുകയും ചെയ്ത സ്വഹാബികളുടെ നിഷ്കളങ്കമായ നയനിലപാടുകളോട് ആഭിമുഖ്യം പുലർത്താറുണ്ടോ.?</u> നമ്മുടെ വൈവിധ്യമാർന്ന പ്രചാരണ പരിപാടികൾ ജനമനസ്സുകളിൽ നിഷ്കളങ്കമായ വിശ്വാസവും അർപ്പണ ബോധവും അങ്കുരിപ്പിക്കുന്നതിന് വേണ്ടി തന്നെയുള്ളതാണോ.? അതല്ല, സംഘടനാ വീറ് വളർത്താൻ വേണ്ടിയുള്ള താണോ!! ക്വുർആനും നബിചര്യയും വ്യാഖ്യാനിക്കുന്നതിൽ സംഭവിക്കുന്ന വീക്ഷണ വ്യത്യാസങ്ങളെ സ്വഹാബികൾ ഉൾപ്പെടെയുള്ള സച്ചരിതർ ചെയ്തത് പോലെ സഹിഷ്ണുതയോടെ വിലയിരുത്താൻ നമുക്ക് വിശാലതയുണ്ടോ.? ഈ ചോദ്യങ്ങൾ നമ്മുടെ മനസ്സാക്ഷിയോട് തന്നെ ചോദിച്ചിട്ട് തൃപ്തികരമായ ഉത്തരം ലഭിച്ചാൽ സലഫി മാർഗത്തെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാട് മൗലികവും ആന്യൂനവും കാലാതിവർത്തിയുമായിരിക്കുമെന്ന് കരുതാവുന്നതാണ്.'' (വയനാട് സമ്മേളന സോവനീർ. പേജ് 34)

ഈ വരികൾ പല ആവർത്തിവായിച്ചിട്ട് ഇവർ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന ലേഖനങ്ങളിലെ സലഫ് വിരുദ്ധ കാഴ്ചപ്പാടിനെയും ഇതിന്ന് മുമ്പ് പ്രസിദ്ധീകരിച്ച'' ജിന്ന്, പിശാച്, സിഹ്റ് പോലുള്ള പുസ്തകങ്ങളിലെ ക്വുർആൻ –ഹദീഥ് അട്ടിമറികളെക്കുറിച്ചുമുള്ള നിലപാടുകൾ വ്യക്തമാക്കട്ടെ. സ്വഹാബികളുടെ നിഷ്കളങ്കമായ നിലപാടുകൾക്കെതിരിലും മുൻഗാമികളായ പണ്ഡിതരുടെ അഭിപ്രായങ്ങൾ ചവിട്ടിയരച്ചും കാലത്തിനും കോലത്തിനുമനുസരിച്ചും വ്യാഖ്യാനിച്ചൊപ്പിക്കാൻ ശ്രമിച്ച ക്വുർആൻ–ഹദീഥ് വചനങ്ങളുടെ നിജസ്ഥിതി അവർ ജനങ്ങളെ ബോധ്യപ്പെടുത്തട്ടെ. സംഘടനാ വീറ് വളർത്താൻ പുറത്തിറക്കിയ സീ.ഡികളുടെയും ടെലിഫിലിമുകളുടെയും സിനിമകളുടെയും അതിലൂടെ വ്യക്തികൾക്ക് മേൽ ചൊരിഞ്ഞ പരിഹാസങ്ങളുടെയും ആണും പെണ്ണും ഒന്നിച്ചഭിനയിച്ചതിന്റെയും അവയുടെ നാറിയ പത്രപരസ്യങ്ങളുടെയുമൊക്കെ മതവിധി ഇവർ വ്യക്തമാക്കട്ടെ. തിരുത്താൻ തയ്യാറുള്ള വല്ലവരും വിഘടിത പാളയത്തിലുണ്ടെങ്കിൽ മുന്നോട്ട് വരുമെന്ന് നമുക്ക് ആശിക്കാം.